## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3556** **15/07/2015-ൽ മറുപടിക്ക്**

# മരുന്നുകളുടെ ഗുണമേന്മ പരിശോധന

**ചോദ്യം**

ശ്രീ.എ.കെ.ബാലൻ
ശ്രീ.സി.കൃഷ്ണൻ
ശ്രീ.പി.ടി.എ. റഹീം
ശ്രീമതി.കെ.എസ്.സലീഖ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകളുടെയും മെഡിക്കൽ സ്റ്റോറുകളിലൂടെ വിൽക്കുന്ന മരുന്നുകളുടെയും ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിലെ സംവിധാനങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ; | (എ) | കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിൽ വിതരണത്തിനായി എത്തിക്കുന്ന എല്ലാ മരുന്നുകളുടെയും നിർമ്മാതാക്കളിൽ നിന്നും പ്രസ്തുത മരുന്നുകളുടെ ഒരോ ബാച്ചും എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലബോറട്ടറികളിൽ പരിശോധിച്ച് വിതരണം ചെയ്യാമെന്നുള്ള നിർമ്മാതാക്കളുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ടെൻഡർ വ്യവസ്ഥകളിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത സാക്ഷ്യപത്രം സാങ്കേതിക ഉപദേശക സമിതി പരിശോധിച്ച് ബോദ്ധ്യമായതിന് ശേഷമാണ് പ്രസ്തുത മരുന്നുകൾ വിതരണം ചെയ്യുന്നതിന് തിരഞ്ഞെടുക്കുന്നതിലേയ്ക്കായി തീരുമാനിക്കപ്പെടുന്നത്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി രണ്ട് ലാബുകളാണുള്ളത്. അവ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറി, എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറി എന്നിവയാണ്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങൾ അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി നിർമ്മാതാക്കൾ അവർ വിൽക്കുന്ന ഓരോ ബാച്ച് മരുന്നുകളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടാണ് വിപണിയിലിറക്കുന്നത്. എന്നിരുന്നാലും ഗുണനിലവാരത്തിൽ സംശയമുള്ള മരുന്നുകളുടെ സാമ്പിളുകൾ വകുപ്പ് പ്രസ്തുത ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വിപണിയിൽ ലഭ്യമായ മരുന്നുകളുടെ വളരെ കുറച്ച് ശതമാനം മാത്രമേ പരിശോധന നടത്താൻ കഴിയുന്നുള്ളൂ. |

| | | | |
|---|---|---|---|
| (ബി) | മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താതെ രോഗികൾക്ക് വിതരണം ചെയ്യുന്നതുമൂലമുണ്ടാകുന്ന ഗുരുതര സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സംസ്ഥാനത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് സംവിധാനം നവീകരിക്കുന്നതിനും ടെസ്റ്റുകളുടെ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പൊതുമേഖലാസ്ഥാപനമായ കേരള ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി) പുതുതായി സ്ഥാപിച്ച ആധുനിക സജ്ജീകരണങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താൻ തയ്യാറാകുമോ? | (ഡി) | ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ